മുല്ലപ്പെരിയാർ അണക്കെട്ട്-തമിഴ്നാട് സർക്കാരുമായി ചർച്ച

14(14) ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സംഭരണശേഷി ഉയർത്തുന്നത് സംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി ചർച്ച ചെയ്യുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് 1-1-1999 മുതൽ തമിഴ്നാട് സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള സന്ദേശങ്ങൾ, കത്തുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(സി) മുല്ലപ്പെരിയാർ വിഷയത്തെ സംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി ചർച്ച ചെയ്യുന്നതിന് തീയതി നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്നൊക്കെയാണ് ചർച്ച നടത്തുവാൻ സമ്മതിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ഇ) അണക്കെട്ടിന്റെ ജലനിരപ്പ് ഉയർത്തുന്നത് സംബന്ധിച്ച് തമിഴ്നാടിന്റെയും കേരളത്തിന്റെയും സർക്കാരുകൾ നടത്തിയ അന്വേഷണ റിപ്പോർട്ട് അന്യോന്യം കൈമാറിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇവയുടെ കോപ്പികൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉഭയകക്ഷി ചർച്ചകളുടെ ഭാഗമായുള്ളതും മറ്റൊരു സംസ്ഥാന സർക്കാർ കൂടി ഉൾപ്പെടുന്നതുമായ ഈ ഔദ്യോഗിക രേഖകൾ ഇപ്പോൾ ലഭ്യമാക്കുന്നത് ഉചിതമായിരിക്കുകയില്ല.

(സി&ഡി) 2000 ഏപ്രിൽ അഞ്ചിന് ചർച്ച നടത്താമെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ഇ&എഫ്) ഉണ്ട്. അടുത്തു നടക്കാനിരിക്കുന്ന അന്തർസംസ്ഥാന നദീജല ചർച്ചയ്ക്കായി ഈ റിപ്പോർട്ടുകൾ പഠനവിധേയമാക്കുന്ന ഈ വേളയിൽ ലഭ്യമാക്കാൻ സാങ്കേതിക ബുദ്ധിമുട്ടുണ്ട്.

കരുപ്പെട്ടി കച്ചവടക്കാർക്കെതിരെ കള്ളക്കേസ്സ് എടുക്കുന്നത് തടയാൻ നടപടി

15(15) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) നെയ്യാറ്റിൻകര താലൂക്കിലെ തെക്കൻ മേഖലകളിലെ പരമ്പരാഗത പന കയറ്റ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കരുപ്പെട്ടി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കച്ചവടത്തിന് കൊണ്ടുപോകുമ്പോൾ, പോലീസ് അകാരണമായി തടഞ്ഞ് കള്ളക്കേസിൽ കുടുക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കരുപ്പെട്ടി ഉല്പാദകരുടെയും ചെറുകച്ചവടക്കാരുടെയും പേരിൽ കള്ളക്കേസ് എടുക്കുന്നത് തടയുന്നതിനാവശ്യമായ ഉത്തരവ് പോലീസിന് നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് വികലാംഗർക്ക് ലഭിച്ച നിയമനം

16(16) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് 1997 ജനുവരി 1 മുതൽ 1998 ഡിസംബർ വരെ ഗവൺമെന്റ് സ്ഥാപനങ്ങളിൽ എത്ര വികലാംഗരെ വിവിധ വകുപ്പുകളിലായി നിയമിച്ചിട്ടുണ്ട് ;

(ബി) ഇതിൽ ബധിരർ, അന്ധർ, മറ്റു വിഭാഗത്തിൽപ്പെട്ട വികലാംഗർ എന്നിവരിൽ എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് ;

(സി) 1997 മുതൽ 1998 ഡിസംബർ വരെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പണിയെടുത്ത വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് 1-1-1997-നും 14-8-1998-നും ഇടയിൽ താൽക്കാലിക സർവീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാരെയാണ് സർവീസിൽ തുടരാൻ പുനർനിയമനം നൽകാൻ ഉത്തരവായത്. ടി ഉത്തരവിന്റെ ആനുകൂല്യം പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുണ്ട്. ഇത്തരക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച 13-10-1999-ലെ ജി.ഒ.(പി)16/99/പി ആന്റ് ഏ.ആർ.ഡി ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ വെക്കേറ്റ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സ്റ്റേ ഉത്തരവ് നീങ്ങിയതിനുശേഷം മാത്രമേ അനന്തര നടപടി സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ.

സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷൻ

17(17) ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly